


# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



# 28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


28 ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം . . . . . . . . . . 1

1 ഇന്ത്യൻ നാഷണൽ കോൺഗ്രസ് . . 3

2 രാജഭക്തിയുടെ ഫലം . . . . . . . . . 4

3 തീവ്രവാദികളും മിതവാദികളും . . . . 5

# 28

# ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം

1857 — ലെ ദേശീയ കലാപം വരെ ഇന്ത്യയിലെ നാട്ടുരാജാക്കൻമാരുടെ ശക്തിയെ തകർക്കാനാണ് ബ്രിട്ടീഷ് മേധാവികൾ ശ്രമിച്ചത്. അതിൽ അവർ ഏറെക്കുറെ വിജയിക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം അവർ നാട്ടുരാജാക്കൻമാരേയും നാടുവാഴികളേയും പ്രീണിപ്പിക്കുക എന്ന നയം സ്വീകരിച്ചു. ഫ്യൂഡൽസാമൂഹ്യബന്ധങ്ങളെ നിലനിർത്തുവാൻ അവർ ആവുന്നതും പരിശ്രമിച്ചു. നാടുവാഴികളുടെ പിൻബലത്തോടുകൂടി അവർ തങ്ങളുടെ ചൂഷണവ്യവസ്ഥയെ കൂടുതൽ രൂക്ഷമാക്കി. കൃഷിക്കാർ കൂടുതൽ പാപ്പരാവാൻ തുടങ്ങി. 1850 വരെ ഇന്ത്യയിൽ ഭൂമിയില്ലാത്ത കൃഷിക്കാർ വിരളമായിരുന്നു. എന്നാൽ 1882 ആയപ്പോഴേയ്ക്കും ഭൂമിയില്ലാത്ത കൃഷിക്കാരുടെ എണ്ണം 75 ലക്ഷമായി. 1921 ആയപ്പോഴേയ്ക്കും ഇത് 210 ലക്ഷമായി വർദ്ധിച്ചു. കൃഷി അധഃപതിച്ചു. കാർഷിക കുഴപ്പങ്ങളുടെ ഫലമായി കൂടെക്കൂടെ ക്ഷാമങ്ങളും പട്ടിണിമരണങ്ങളും നടമാടാൻ തുടങ്ങി. ജനങ്ങളുടെ അസംതൃപ്തിയും രോഷവും വർദ്ധിച്ചുകൊണ്ടുവന്നു. ഈ അസംതൃപ്തിയിൽ നിന്നാണ് 1875-ൽ പലയിടത്തും കാർഷിക ലഹളകൾ പൊട്ടിപ്പുറപ്പെട്ടത്.

# 1 ഇന്ത്യൻ നാഷണൽ കോൺഗ്രസ്

ബ്രിട്ടീഷ് മുതലാളിവർഗ്ഗം ഇന്ത്യൻ വ്യവസായങ്ങളുടെ വളർച്ചയെ ഇഷ്ടപ്പെട്ടില്ല. അവയെ പലതരത്തിലും ഞെക്കിക്കൊല്ലാനാണ ശ്രമിച്ചത്.അതിന്റെ ഫലമായി സ്വാഭാവികമായും ബ്രിട്ടീഷ് മുതലാളിവർഗ്ഗവും ഇന്ത്യൻ ജനതയും തമ്മിലുള്ള വൈരുദ്ധ്യം വളരാൻ തുടങ്ങി. ഈ വൈരുദ്ധ്യത്തിലൂടെ ഇന്ത്യാക്കാരുടെ ഉടമസ്ഥതയിലുള്ള ചില വ്യവസായങ്ങളുയർന്നുവന്നു. ഇരുപതാം നൂറ്റാണ്ടാരംഭിച്ചപ്പോഴേക്കും ഇന്ത്യയിൽ പരുത്തിത്തുണി മില്ലുകളുടെ എണ്ണം ഇരുന്നൂറോളമായി. ഇങ്ങനെ 1850 നും 1900 നുമിടയിൽ ഇന്ത്യയിലാദ്യമായി ഒരു ദേശീയമുതലാളിവർഗ്ഗം പ്രത്യക്ഷപ്പെട്ടു. അതോടൊപ്പം തൊഴിലാളികളും രംഗപ്രവേശം ചെയ്തു. വക്കീൽമാർ, ഡോക്ടർമാർ, അദ്ധ്യാപകർ, ക്ലർക്കുമാർ എന്നിങ്ങനെയുള്ള ഇടത്തരക്കാരായ ബുദ്ധിജീവികൾ സാമൂഹ്യജീവിതത്തിൽ കൂടുതൽ കൂടുതൽ ഉയർന്ന സ്ഥാനങ്ങൾ നേടാൻ തുടങ്ങി. ഈ പുതിയ സാമൂഹ്യ ശക്തികളാണ് സംഘടിതമായ ദേശീയപ്രസ്ഥാനത്തിന് അടിത്തറയിട്ടത്.

ഇന്ത്യയിലെ വളർന്നുവരുന്ന വ്യവസായങ്ങളുടെ പുരോഗതിയെ തടയാനും അങ്ങനെ ലങ്കാഷെയറിലെ മില്ലുടമകളെ സഹായിക്കാനും വേണ്ടി 1882-ൽ ബ്രിട്ടീഷുതുണികളുടെ മേലുണ്ടായിരുന്ന ഇറക്കുമതിച്ചുങ്കം എടുത്തുകളയപ്പെട്ടു. ഒരുകൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും ഇന്ത്യയുടെ ആവശ്യങ്ങൾക്കുവേണ്ടി വാദിക്കാൻ ചില രാഷ്ട്രീയസംഘടനകൾ ഉയർന്നുവന്നു. ബംഗാളിൽ എസ്.എൻ.ബാനർജിയുടെ നേതൃത്വത്തിലുള്ള ‘ഇന്ത്യൻ അസോസിയേഷൻ’, ബോംബെയിൽ ദാദാഭായി നവറോജിയുടെ നേതൃത്വത്തിലുള്ള ‘ബോംബെ അസോസിയേഷൻ’ പൂനെയിൽ ചിപ്ലങ്കറുടെ നേതൃത്വത്തിലുള്ള ‘സാർവജനിക് സഭ’ എന്നിങ്ങനെ പലതും. 1885-ൽ ഇന്ത്യയിലെ വിവിധഭാഗങ്ങളിലുള്ള രാഷ്ട്രീയനേതാക്കൻമാരെല്ലാം ഒത്തുചേർന്ന് അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള ‘ഇന്ത്യൻ നാഷണൽ കോൺഗ്രസ്’ എന്ന സംഘടന രൂപീകരിച്ചു.

സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ഡബ്ല്യു. സി. ബാനർജി കോൺഗ്രസിന്റെ ഉദ്ദേശ്യങ്ങളെന്തൊക്കെയായിരിക്കണമെന്ന് നിർവ്വചിക്കുകയുണ്ടായി: ഒന്നാമതായി, ദേശീയ പ്രവർത്തകർ തമ്മിൽ സുദൃഢമായ ബന്ധം പുലർത്തുക; രണ്ടാമതായി ജനങ്ങളുടെ മതപരവും ജാതീയവും പ്രാദേശികവുമായ സങ്കുചിത വീക്ഷണഗതികളവസാനിപ്പിക്കുകയും അവർക്കിടയിൽ ദേശീയൈക്യത്തിന്റെ ബോധം വളർത്തുകയും ചെയ്യുക; മൂന്നാമതായി രാജ്യത്തെ നേരിടുന്ന സജീവപ്രശ്നങ്ങളെ സംബന്ധിച്ച് അഭ്യസ്തവിദ്യരായ നേതാക്കൻമാർക്കിടയിൽ ചർച്ചകൾ നടത്തുകയും ആ ചർച്ചയുടെ ഫലമായുണ്ടാകുന്ന തീരുമാനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക; നാലാമതായി അടുത്ത ഒരു കൊല്ലത്തേക്കുള്ള പരിപാടി തീർച്ചപ്പെടുത്തുക.

## 2 രാജഭക്തിയുടെ ഫലം

ആദ്യകാലത്തെ കോൺഗ്രസിനു വളരെ പരിമിതമായ ലക്ഷ്യവും പരിപാടികളുമാണുണ്ടായിരുന്നതെന്ന് ഇതിൽ വ്യക്തമാകും. ഡബ്ല്യു. സി. ബാനർജി, സുരേന്ദ്രനാഥ ബാനർജി, ആനന്ദമോഹൻ ബോസ്, രാജ്ബിഹാരി ഘോഷ്, ദാദാഭായി നവറോജി, ഫിറോസ് ഷാമേത്ത, ആർ. സി. ദത്ത്, ബദ്രുദീൻ താബ്ജി, റാനഡേ, ഗോപാല കൃഷ്ണ ഗോഖലേ, സുബ്രഹ്മണ്യയ്യർ, പണ്ഡിറ്റ് മാളവ്യ മുതലായവരായിരുന്നു ആദ്യകാലത്തെ കോൺഗ്രസ് നേതാക്കൾ. ഹ്യൂം, വെഡ്ഡർ ബേൺ തുടങ്ങിയ ചില ഇംഗ്ലീഷുകാരും നേതൃസ്ഥാനത്തുണ്ടായിരുന്നു. മിതവാദികൾ എന്ന പേരിലാണ് ഈ നേതാക്കൻമാർ പൊതുവിൽ അറിയപ്പെടുന്നത്. ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടുക എന്നൊരുദ്ദേശ്യമേ അവർക്കുണ്ടായിരുന്നില്ല. എന്നല്ല, നേരേമറിച്ച്, ബ്രിട്ടീഷുകാരുടെ ജനാധിപത്യത്തിലും നീതിനിയമങ്ങളിലും അവർക്ക് അതിരുകവിഞ്ഞ വിശ്വാസമുണ്ടായിരുന്നുതാനും. ഉദാഹരണത്തിന് സുരേന്ദ്രനാഥ ബാനർജി 1895-ൽ പ്രസ്താവിച്ചതു നോക്കുക:

> ‘പ്രചോദനങ്ങൾക്കും നേതൃത്വത്തിനും ഇംഗ്ലണ്ടിന്റെ നേർക്കാണ് നമ്മൾ നോക്കുന്നത്.....ഇംഗ്ലണ്ടാണ് നമ്മുടെ രാഷ്ട്രീയനേതാവ്.....ഇംഗ്ലീഷുകാരുടെ നീതിബോധത്തിലും വിശാലമനസ്കതയിലും നമുക്ക് വലിയ വിശ്വാസമുണ്ട്. പാർലമെൻറുകളുടെ മാതാവായ ബ്രിട്ടീഷ് കോമൺസ് സഭയിൽ, ലോകത്തിലെ ഏറ്റവും വലിയ ആ പ്രതിനിധിസഭയിൽ, നമുക്ക് അതിരുകവിഞ്ഞ വിശ്വാസമുണ്ട്. ഇംഗ്ലീഷുകാർ എവിടെയെല്ലാം തങ്ങളുടെ കൊടി പറപ്പിക്കുകയും തങ്ങളുടെ ഭരണം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടോ അവിടെയെല്ലാം പ്രാതിനിധ്യ ഭരണത്തിന്റെ മാതൃകയായിട്ടാണ് അവയെ രൂപവൽക്കരിച്ചിട്ടുള്ളത്.....’ ദാദാഭായി നവറോജി പോലും തങ്ങൾ രാജഭക്തരാണെന്ന് ഊന്നിപ്പറയുകയുണ്ടായി. ബ്രിട്ടീഷ് ഭരണാധികാരികളുടെ നീതിബോധം തങ്ങളെ വഞ്ചിക്കുകയില്ലെന്നായിരുന്നു അവരുടെ വിശ്വാസം. ഒരുഭാഗത്ത്തികച്ചും നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ ഇന്ത്യക്കാരുടെ ആവശ്യങ്ങൾ എത്ര ന്യായമാണെന്ന് ബ്രിട്ടീഷുകാരെ ബോദ്ധ്യപ്പെടുത്തുകയും മറുഭാഗത്ത് വിദ്യാഭ്യാസപരമായി ഇന്ത്യാക്കാരെ വളർത്തിക്കൊണ്ടുവരുകയും ചെയ്യുക എന്നതായിരുന്നു അവരുടെ മൗലിക പരിപാടി. ഇന്ത്യക്കാർക്ക് കൂടുതൽ പ്രാതിനിധ്യമനുവദിക്കുന്ന നിയമസഭാപരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുക, ഇന്ത്യൻ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക, പബ്ലിക് സർവീസുകളിൽ ഇന്ത്യക്കാർക്ക് തുല്യാവകാശങ്ങളനുവദിക്കുക മുതലായ ആവശ്യങ്ങളാണ് അവരുന്നയിച്ചത്.

എന്നാൽ, ഇത്തരം പരിമിതമായ ആവശ്യങ്ങൾപോലും അനുവദിക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾ തയ്യാറായിരുന്നില്ല. നേരേമറിച്ച്, അവർ തങ്ങളുടെ ചൂഷണവും മർദ്ദനസംവിധാനങ്ങളും കൂടുതൽ രൂക്ഷമാക്കുകയാണ് ചെയ്തത്. ഒടുവിൽ, 1905-ൽ, വൈസറോയി കഴ്സൻ പ്രഭു ബംഗാൾ സംസ്ഥാനത്തെ വിഭജിക്കാൻ തീരുമാനിച്ചതോടുകൂടി ജനങ്ങളുടെ അസംതൃപ്തി ആളിക്കത്താൻ തുടങ്ങി.

## 3 തീവ്രവാദികളും മിതവാദികളും

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടിത്തന്നെ ബാലഗംഗാധരതിലകൻ, വിപിൻചന്ദ്രപാൽ, അരവിന്ദഘോഷ്, ലാലാലജ്പത്റായ് തുടങ്ങിയ യുവത്വം തുളുമ്പുന്ന തീവ്രവാദികളായ രാഷ്ട്രീയനേതാക്കൻമാർ മിതവാദികളായ നേതാക്കൻമാരുടെ നയത്തിൽ ആക്ഷേപവും അസംതൃപ്തിയും പ്രകടിപ്പിക്കാൻ തുടങ്ങിയിരുന്നു. രാജഭക്തിപ്രമേയങ്ങൾകൊണ്ടും ഹർജിയയക്കലുകൾകൊണ്ടും പാർലമെൻറിനോടുള്ള വിനീതാഭ്യർത്ഥകൾകൊണ്ടും പ്രയോജനമില്ലെന്നും പാർലമെൻറിനു പുറത്ത് ജനകീയ പ്രക്ഷോഭങ്ങളുടെ അടിസ്ഥാനത്തിൽ സ്വദേശി, ബ്രിട്ടീഷുസാമാന ബഹിഷ്കരണം എന്നിങ്ങനെ കൂടുതൽ കാര്യക്ഷമമായ പരിപാടികളാവിഷ്കരിക്കേണ്ടതാവശ്യമാണെന്നും അവർ പ്രഖ്യാപിച്ചു. കോൺഗ്രസിനകത്ത് മിതവാദികളും തീവ്രവാദികളും തമ്മിലുണ്ടായ ഈ രാഷ്ട്രീയമത്സരം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുവന്നു. 1907-ാമാണ്ടായപ്പോഴേയ്ക്കും അത് പരസ്യമായ ഭിന്നിപ്പിലും പിളർപ്പിലും ചെന്നെത്തി. ഈ സംഭവവികാസങ്ങളെപ്പറ്റി ജവഹർലാൽ നെഹ്റു തന്റെ ‘ഇന്ത്യയെ കണ്ടെത്ത’ ലിൽ ഇങ്ങനെ എഴുതുന്നു.:

> ‘1885-ൽ സ്ഥാപിക്കപ്പെട്ട നാഷണൽ കോൺഗ്രസിന് ആളായുവന്നതോടുകൂടി പുതിയൊരുതരം നേതൃത്വം പ്രത്യക്ഷമായി-കൂടുതൽ പരാക്രമവും കൂസലില്ലായ്മയുള്ളതും, എണ്ണത്തിൽ വളരെയേറെ വരുന്ന താഴ്ന്ന ഇടത്തരക്കാരുടേയും വിദ്യാർത്ഥികളുടേയും, യുവജനങ്ങളുടേയും പ്രാതിനിധ്യം വഹിക്കുന്നതുമായ ഒരു നേതൃത്വം. ബംഗാൾ വിഭജനത്തിനെതിരായി നടത്തിയ പ്രബലമായ പ്രക്ഷോഭത്തിൽ പ്രാപ്തരും പരാക്രമികളുമായ ഇത്തരം അനേകം നേതാക്കൾ ബംഗാളിൽ പൊന്തിവന്നു. എന്നാൽ മഹാരാഷ്ട്രദേശക്കാരനായ ബാലഗംഗാധരതിലകനായിരുന്നു ഈ യുഗത്തിന്റെ യഥാർത്ഥ പ്രതിരൂപം. പഴയ നേതൃത്വത്തിന് പ്രതിനിധീഭവിച്ചതും ഒരു മഹാരാഷ്ട്രദേശീയൻ തന്നെ-അതിപ്രാപ്തനും പ്രായം കുറഞ്ഞയാളുമായ ഗോപാലകൃഷ്ണഗോഖലെ. വിപ്ലവപരമായ മുദ്രാവാക്യങ്ങൾ വായുമണ്ഡലത്തിൽ മാറ്റൊലി പൊങ്ങിച്ചു. ക്ഷോഭം പെരുകി, സംഘർഷം അനിവാര്യമായി. അതുകൂടാതെ കിഴക്കൻ, സർവാദൃതനും നാടാകെ അച്ഛനെപ്പോലെ കരുതുന്നയാളുമായ ദാദാഭായി നവറോജിയെ, കോൺഗ്രസിന്റെ ആ പഴയ പിതാമഹനെ, വിശ്രമസ്ഥാനത്തുനിന്ന് മുന്നോട്ടേയ്ക്ക് കൊണ്ടുവന്നു. പക്ഷേ, അതു കൊണ്ടുണ്ടായ ആശ്വാസം അല്പകാലമേ നീണ്ടുനിന്നുള്ളൂ. 1907-ൽ ഏറ്റുമുട്ടലുണ്ടായി. പുറംകാഴ്ചയ്ക്ക് അതിന്റെ ഫലം, പഴയ മിതവാദി വിഭാഗത്തിനൊരു വിജയമായിരുന്നു. പക്ഷേ, സംഘടനാപരമായ നിയന്ത്രണത്തിൻറേയും കോൺഗ്രസിന്റെ അന്നത്തെ ഇടുങ്ങിയ വോട്ടവകാശവ്യവസ്ഥയുടേയും ഫലമായിട്ടാണ് ഈ വിജയം നേടിയത്. രാജ്യകാര്യങ്ങളിൽ മനസ്സു ചെലുത്തുന്നവരായി ഇന്ത്യയിലുള്ള ജനങ്ങളിൽ ഒരു വലിയ ഭൂരിപക്ഷം തിലകനേയും അദ്ദേഹത്തിന്റെ കക്ഷിയേയും അനുകൂലിച്ചു എന്നതിൽ സംശയമില്ല. കോൺഗ്രസ്സിന്റെ പ്രാധാന്യം വളരെയേറെ നഷ്ടമായി. മറ്റു പ്രവർത്തനങ്ങളിലായി ജനങ്ങൾക്ക് താൽപര്യം. ബംഗാളിൽ ഭീകരപ്രവർത്തനം പ്രത്യക്ഷമായി. റഷ്യക്കാരും ഐർലണ്ടുകാരുമായ വിപ്ലവകാരികൾ കാട്ടിയ മാതൃക അനുകരിക്കപ്പെട്ടുകയായിരുന്നു.’

□

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10